## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

സാത്താൻ നൽകുന്ന, വിഷത്തിന്മേൽ മധുരം പൊതിഞ്ഞ മിഠായിയുടെ പിന്നാലെ പാഞ്ഞുപോകുന്ന സ്നേഹിതാ, അതിൽ ഒളിഞ്ഞിരിക്കുന്ന അപകടം നാം മനസ്സിലാക്കണം. ഒരു പക്ഷെ, നാം ഇപ്പോൾ അതിലേക്ക് നോക്കി ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കയായിരിക്കാം. അത് തിരിച്ചറിഞ്ഞ് നാം പ്രവർത്തിക്കേണം. നമുക്ക് അനുഗമിപ്പാൻ നല്ല ഒരു ഇടയനുണ്ട്. അവൻ വന്നത് നമുക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമാണ്. സാത്താൻ നമ്മിൽ നിന്നും കവർന്നെടുത്ത് കളഞ്ഞ അനുഗ്രഹങ്ങളെ നമുക്ക് തിരികെ നൽകുവാനാണ് അവൻ നമ്മെ ക്ഷണിക്കുന്നത്. അവൻ നല്ല ഇടയനായ യേശുവാണ്. അവൻ നമ്മെ ക്ഷണിക്കുന്നു. സാത്താന്റെ വഴികളിൽ നിന്നും എഴുന്നേററ് യേശുവിനെ അനുഗമിക്കുക. അവൻ നേരായ പാതയിലൂടെ നമ്മെ നയിക്കും. അതിന്റെ അവസാനം ആരംഭത്തെക്കാൾ എത്രയോ ശ്രേഷ്ഠമായിരിക്കും. അവൻ നിത്യജീവനും സമൃദ്ധിയായ ജീവനും നമുക്ക് നൽകും. സ്വർഗ്ഗീയസന്തോഷത്താൽ അവൻ നമ്മെ നിറയ്ക്കും. സകല ബുദ്ധിയെയും കവിയുന്ന സമാധാനം അവൻ നമ്മിൽ പൂരിതമാക്കും. യേശുവിനെ പിൻപററുന്നത് ഒരിക്കലും നഷ്ടമല്ല, പ്രത്യുത എത്രയും ശ്രേഷ്ഠമായ അനുഭവമാണ്. ആകയാൽ ഇപ്പോൾ തന്നെ എഴുന്നേററ് നല്ല ഇടയനായ യേശുവിനെ പിൻപററുവാൻ ആരംഭിക്കാം. കർത്താവായ യേശു ക്രിസ്തുവിന്റെ ആട് അഥവാ ഒരു ദൈവപൈതൽ, ഒരിടത്ത് നിൽക്കുന്ന അനുഭവത്തിൽ ആയിരിക്കാതെ, ഇടയൻ നയിക്കുന്ന ഇടത്തേക്ക് ഇടയന്റെ പിന്നാലെ പോകേണ്ടത് ആവശ്യമാണ്. പലരെ സംബന്ധിച്ചും ഇത് വളരെ പ്രയാസമുള്ള അനുഭവമായി കാണപ്പെടാറുണ്ട്. ഒരിടത്തു തന്നെ, അഥവാ പഴയ അനുഭവത്തിൽ തന്നെ നിലകൊള്ളുവാൻ അവർ ആഗ്രഹിക്കുന്നു. അങ്ങനെ നിൽക്കുന്നത് പ്രയാസം കുറഞ്ഞ കാര്യമായി പരിഗണിക്കുന്നു. എന്നാൽ അനുഭവം നേരെ മറിച്ചാണ്. അവിടെ തന്നെ നിൽക്കുന്നത് അപകടമാണ്. അവിടെ നിന്ന് പട്ടിണിയും ദാരിദ്രവും അനുഭവിച്ച് ഒടുവിൽ അവിടെത്തന്നെ വീണു നശിക്കുന്ന അനുഭവമാണ് അവർക്ക് ശേഷിച്ചിരിക്കുന്നത്. അപ്രകാരം പഴയ അനുഭവത്തിൽ തന്നെ നിൽക്കുന്നവർ, ഇടയന്റെ പിന്നാലെ ധൈര്യത്തോടുകൂടെ മുൻപോട്ടു പൊയ്ക്കൊണ്ടിരിക്കുന്ന ആടുകളെ ഒന്ന് കാണുക. വഴി അവയ്ക്കു തിട്ടമില്ല എന്നതു ശരിയാണ്. പക്ഷെ, ഇടയൻ മുൻപേ പോകുന്നു എന്നതിനാൽ വഴി അവയ്ക്കു പ്രശ്നമേയല്ല. അവയുടെ ലക്ഷ്യവും നോട്ടവും അവയുടെ ഇടയൻ മാത്രമാണ്. വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ അനുഭവത്തിലാണ് അവ ആയിരിക്കുന്നത്. എവിടേക്കു പോകുന്നു എന്നറിയാതെ ആണ് അവൻ നടന്നത്. എന്നാൽ അവന്റെ ഇടയൻ അവനെ വഴിയിൽ വിട്ടിട്ട് പോയില്ല. വാഗ്ദത്ത നാട്ടിൽ അവൻ ശുഭമായി എത്തുകയും വിശ്വാസികളുടെ പിതാവ് എന്ന നാമത്തിന് അവൻ അർഹനായിത്തീരുകയും ചെയ്തു.

തുടരും...